പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 382 — 28.05.2019 -ൽ മറുപടിക്ക്

## കുപ്പിവെള്ളത്തിന്റെ വില

| ചോദ്യം<br>**ശ്രീ. പി. കെ. ബഷീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് വിതരണം ചെയ്തു വരുന്ന കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കുപ്പി വെള്ള കമ്പനി ഉടമകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (എ) ചർച്ച നടത്തിയിരുന്നു ; 1986 ലെ കേരള എസ്സെൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ ക്ലോസ് (എ) സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ട ത്തിലാണ്. |
| (ബി) സംസ്ഥാനത്ത് കുപ്പിവെള്ളം എത്ര രൂപയ്ക്ക് വിൽക്കുന്നതിനാണ് കമ്പനി ഉടമകൾ സമ്മതം അറിയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;<br>(സി) വില കുറയ്ക്കാൻ തീരുമാനം എടുത്തതിനു ശേഷവും എന്തു കൊണ്ടാണ് ആയതിന്റെ പ്രയോജനം പൊതു ജനങ്ങൾക്ക് ലഭ്യമാകാത്തത്; ഇക്കാര്യത്തിൽ കുപ്പിവെള്ള കമ്പനികൾ തീരുമാനത്തിൽ നിന്നും പിന്നാക്കം പോയിട്ടുണ്ടോ; വെളിപ്പെടുത്തുമോ ; | (ബി) & (സി) ഓരോ നിർമ്മാതാക്കളും അവരവരുടെ നിർമ്മാണ ചെലവ് അടിസ്ഥാനമാക്കി വ്യത്യസ്തമായ എംആർപി ആണ് നിശ്ചയിച്ച് അറിയിച്ചത്. ഒരു ലിറ്റർ ബോട്ടിലിന് പതിനൊന്ന് രൂപാ നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി കുപ്പിവെള്ളം വിൽപ്പന നടത്തുന്നതിനാൽ പൊതു വിപണിയിലെ കുപ്പി വെള്ളത്തിന്റെ വില നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ കുപ്പിവെള്ളത്തിന്റെ വില കുറച്ചതിന്റെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സപ്ലൈകോയുടെ എല്ലാ വിതരണകേന്ദ്രങ്ങൾ വഴിയും കുപ്പിവെള്ളം മിതമായ നിരക്കിൽ വിതരണം നടത്തുന്നുണ്ട്. റേഷൻ കടകൾ വഴിയും കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**